**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107** **18-01-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം. നൗഷാദ് ,<br>ശ്രീ . ജോൺ ഫെർണാണ്ടസ് ,<br>ശ്രീ. വി.ജോയി,<br>ശ്രീ. ആർ.രാജേഷ് | | **Smt. J. Mercykutty Amma**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് രൂക്ഷമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരുന്ന കശുവണ്ടി വ്യവസായമേഖലയുടെ പുനരുജ്ജീവനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കിയിരുന്നോ; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള ഫാക്ടറികൾ അടഞ്ഞു കിടക്കുകയായിരുന്നു. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി 2016 ഓണത്തിനു മുൻപ് പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സും, കെ.എസ്.സി.ഡി.സിയും തുറന്നു പ്രവർത്തിപ്പിച്ചു . സ്വകാര്യ മേഖലയിലെ അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടേയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ ധനകാര്യ സ്ഥാപനങ്ങളായ ബാങ്കുകളുമായും വ്യവസായികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ചർച്ച നടത്തി പുനരുദ്ധാരണത്തനർഹതപ്പെട്ട വ്യവസായങ്ങളെ കണ്ടെത്തുന്നതിനായി സ്റ്റേറ്റ്ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടേയും ബന്ധപ്പെട്ട ബാങ്കിന്റേയും സർക്കാരിന്റേയും പ്രതിനിധികൾ അടങ്ങിയ ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയെ തുടർന്ന് 06.07.2019 ലെ സ.ഉ (സാധാ)നം.643/2020/വ്യവ നമ്പർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകളടങ്ങിയ ഒരു പുനരുദ്ധാരണ പാക്കേജിന് അംഗീകാരം നൽകി. പ്രധാന ശുപാർശകൾ 1. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി വായ്പ പുനഃക്രമീകരിക്കും 2. പലിശ 9%മായി ഏകീകരിക്കും. 3. നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കും. 4. പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുക്കും. 5. പാക്കേജിൽ ഉൾപ്പെട്ട വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി ബാദ്ധ്യതയ്ക്ക് ഒരു വർഷം മൊറട്ടോറിയം നൽകും. 6. |

| | | | |
|---|---|---|---|
| | | | വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും. മേൽ തീരുമാനങ്ങളിലെല്ലാം സർക്കാർ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാക്കേജ് പ്രകാരം 2019-20 ൽ വിവിധ ബാങ്കുകൾ 79 വ്യവസായങ്ങൾക്ക് അധിക വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ 70 വ്യവസായികൾക്കുള്ള 2019-20 ലെ പലിശ വിഹിതമായി 3.04 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. 2020-21 ലെ അധിക വായ്പയുടെ പലിശ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. 21.12.2021 ലേതടക്കം എട്ടുതവണ ബഹു.മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും കടക്കെണിയിലായ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുള്ള യോഗങ്ങൾ ചേർന്നിട്ടുണ്ട്. അവസാനം ചേർന്ന യോഗത്തിൽ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി വായ്പ മുഴുവൻ വ്യവസായികൾക്ക് ലഭ്യമാക്കുന്നതിനും പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിനും നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് പുതിയ വായ്പ അനുവദിക്കാൻ കഴിയാത്ത യൂണിറ്റുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ അടിയന്തിരമായി നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച കൃത്യമായ ഫോർമുല രൂപീകരിച്ച് ബാങ്കിന് ശുപാർശ നൽകുന്നതിനായി ബാങ്കിന്റെ പ്രതിനിധി വ്യവസായികളുടെ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി മൂന്നംഗസമിതി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. മൂന്നംഗ സമിതി രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും നൽകി വ്യവസായം നടത്തി വരുന്ന വ്യവസായികൾക്ക് പലിശ സബ്സിഡി നൽകുന്ന കാര്യവും സർക്കാർ പ്രത്യേകം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള അടഞ്ഞുകിടന്നിരുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് ഫാക്ടറികൾ പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം അടഞ്ഞുകിടക്കുകയായിരുന്നു. ബഹു. സർക്കാരിന്റെ ഇടപെടലിലൂടെ 2016 ഓണത്തിന് മുൻപ് കാപ്പെക്സ് ഫാക്ടറികളും കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളും പ്രവർത്തനം ആരംഭിച്ചു. സർക്കാരിന്റെ നയത്തിന്റെ ഭാഗമായി തൊഴിലാളികൾക്ക് കുറഞ്ഞത് 200 തൊഴിൽ ദിനങ്ങൾ എങ്കിലും നൽകുന്നതിന് വേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016 കലണ്ടർ വർഷം 70 തൊഴിൽ |

| | | | |
|---|---|---|---|
| | | | ദിനങ്ങളും, 2017 കലണ്ടർ വർഷം 153 തൊഴിൽ ദിനങ്ങളും, 2018 കലണ്ടർ വർഷം 181 തൊഴിൽ ദിനങ്ങളും 2019 കലണ്ടർ വർഷം 214 തൊഴിൽ ദിനങ്ങളും, 2020 കലണ്ടർ വർഷം കോവിഡ് 19 എന്ന മഹാവ്യാധി മൂലമുണ്ടായ പ്രതിസന്ധി കാപ്പെക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും (01.01.2020 മുതൽ 31/12/2020 വരെ) 160 തൊഴിൽ ദിനങ്ങളും കാപ്പെക്സ് തൊഴിലാളികൾക്ക് നൽകി കഴിഞ്ഞു. കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലും പരമാവധി തൊഴിൽ ദിനങ്ങൾ നൽകി വരികയാണ്. കാപ്പെക്സിന്റേയും കോർപ്പറേഷന്റേയും ഫാക്ടറികൾ എല്ലാം തന്നെ കോവിഡ് 19 പ്രോട്ടോകോൾ പ്രകാരം പ്രവർത്തിച്ചുവരുകയാണ്. കേരളത്തിലെ കശുവണ്ടിയുടെ സീസൺ സമയത്ത് നാടൻ തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന തറവിലയുടെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായ ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എന്നിവയിൽ നിന്നും സംഭരിച്ചു വരികയാണ്. 2020 സീസണിൽ സർക്കാർ നിർദ്ദേശ പ്രകാരം കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കശുമാവ് കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം കാപ്പെക്സും കോർപ്പറേഷനും തോട്ടണ്ടി കിലോഗ്രാമിന് 101 രൂപ നിരക്കിൽ നൽകി ടി ജില്ലകളിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന സംഭരിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി ന്യായമായ വിലയ്ക്ക് കശുവണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും നേരിട്ട് സംഭരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം അരംഭിച്ചിട്ടുണ്ട്. 2019 മാർച്ച് മാസം മുതൽ കാഷ്യൂ ബോർഡ് കാപ്പെക്സിന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് നൽകി വരുന്നു. |
| (സി) | കാഷ്യൂ കോർപ്പറേഷനിലും കാപ്പക്സിലുമായി പുതുതായി ആയിരം തൊഴിലാളികളെക്കൂടി നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതികളുടെ ഭാഗമായി കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലും കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളിലും 1000 വീതം തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ആധുനികവത്ക്കരണത്തിനും കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിനുമായി കശുവണ്ടി കോർപ്പറേഷനും കാപ്പക്സിനും ഈ സർക്കാർ എത്ര കോടി രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ആധുനികവത്കരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി വികസന കോർപ്പറേഷന് 53.50 കോടി രൂപയും കാപ്പക്സിന് 5.19 കോടി രൂപയും അനുവദിച്ചു. ഗ്രാറ്റുവിറ്റി നൽകുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷന് 47.50 കോടി രൂപയും കാപ്പക്സിന് |

| | | | |
|---|---|---|---|
| | | | 4.61 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കുടിശ്ശികയില്ലാതെ 2015 മുതൽ 2020 വരെയുള്ള ഗ്രാറ്റുവിറ്റി മുഴുവനും കൊടുത്തു തീർക്കുന്നതിന് 63 കോടി രൂപ വകയിരുത്തിക്കൊണ്ട് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ